(ബി) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/വിവാഹമോചിതർ/ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്ന ഭവന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്താകെ 2013-14-ൽ 950 വീടുകളും 2014-15-ൽ 249 വീടുകളും അനുവദിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണം പുരോഗമിക്കുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.* ഇതുമായി ബന്ധപ്പെട്ട മുഴുവൻ തുകയും അതത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ മേൽവിലാസം ശേഖരിച്ചുവരുന്നു.

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന പദ്ധതി

323 (3305) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14, 2014-15 എന്നീ വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹ മോചിതർ തുടങ്ങിയവർക്കായുള്ള ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എപ്രകാരമാണ് ; വിശദവിവരം നൽകുമോ ; ഇതിനായി എത്ര രൂപ ചെലവഴിച്ചു ; ഈ വീടുകളുടെ നിർമ്മാണ പുരോഗതി വിവരം നൽകുമോ ;

(ബി) ഗ്രാമസഭകൾ ചേർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി പ്രസ്തുത ഭവനപദ്ധതിയിലും സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ.ഉ.(സാധാ) നമ്പർ 7402/2013/പൊ.ഭ.വ. തീയതി 7-9-2013, സ.ഉ. (സാധാ) നമ്പർ 4306/2014/പൊ.ഭ.വ. തീയതി 2-6-2014 എന്നീ ഉത്തരവുകൾ പ്രകാരം അതാത് ജില്ലകളിൽ ലഭ്യമായ അപേക്ഷകൾ ന്യൂനപക്ഷ ക്ഷേമ സെക്ഷൻ പ്രാഥമിക പരിശോധന നടത്തി ഈ പദ്ധതിക്കായി പരിഗണിക്കുവാൻ അർഹതയുള്ള അപേക്ഷകൾ, വകുപ്പിന്റെ പ്രോജക്ട് ഓഫീസർ, ജില്ലാ കളക്ടറുടെ പ്രതിനിധി, വകുപ്പിന്റെ പരിശീലന കേന്ദ്രം പ്രിൻസിപ്പൽ എന്നിവർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി ടി സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ അപേക്ഷകൾക്കും മാർക്ക് നൽകി, ആയതിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച അപേക്ഷകൾ ഫീൽഡ് വെരിഫിക്കേഷനുവേണ്ടി ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ, വില്ലേജ് ഓഫീസറുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ടനുസരിച്ച് ഏറ്റവും അർഹതയുള്ള ഗുണഭോക്താക്കളെ മുൻഗണനാ ക്രമത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്തി ഓരോ ജില്ലയിലും അനുവദിച്ച ക്വാട്ടയ്ക്ക് ആനുപാതികമായാണ് ആനുകൂല്യം നൽകുന്നത്. പ്രസ്തുത സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വകുപ്പ് തയ്യാറാക്കിയ മാനദണ്ഡം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* കൂടാതെ 2013-14 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി 19 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും ടി പദ്ധതിക്കായി ചെലവഴിച്ചുവരുന്നു. വീടുകളുടെ നിർമ്മാണ പുരോഗതി ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) സ.ഉ.(സാധാ) നമ്പർ 7402/2013/പൊ.ഭ.വ. തീയതി 7-9-2013, സ.ഉ.(സാധാ) നമ്പർ. 4306/2014/പൊ.ഭ.വ. തീയതി 2-6-2014 എന്നീ ഉത്തരവുകൾ പ്രകാരം നിലവിൽ ഗ്രാമസഭകൾ മുഖാന്തിരം തെരഞ്ഞെടുക്കുന്ന രീതി സ്വീകരിക്കുവാൻ കഴിയില്ല. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിധവകൾ/വിവാഹമോചിതർ/ ഉപേക്ഷിക്കപ്പെട്ടവർ എന്നീ പ്രത്യേക വിഭാഗങ്ങളെ മാത്രമാണ് ഈ പദ്ധതിക്കായി പരിഗണിക്കുന്നത്. കൂടാതെ ടി സർക്കാർ ഉത്തരവിൽ വിവരിക്കുന്ന പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വ്യക്തമായ മാനദണ്ഡം അടിസ്ഥാന മാക്കിയാണ് വകുപ്പ് ടി പദ്ധതിക്കായി ഏറ്റവും അർഹരായവരുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നത്.

ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിമാനയാത്രകൾ

324 (3306) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാപ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥർ 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ ഇയ്യുവരെ എത്ര വിമാനയാത്രകൾ നടത്തി ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) എന്തിനു വേണ്ടിയായിരുന്നു പ്രസ്തുത വിമാനയാത്രകൾ നടത്തിയത് ;

(സി) പ്രസ്തുത യാത്രകളുടെ ഫലം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ആരൊക്കെയാണ് പ്രസ്തുത വിമാനയാത്രകൾ നടത്തിയതെന്നും ആയിനത്തിൽ സർക്കാർ ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly